LIBRARY ARCHIVES Kerala Legislative Assembly

എച്ച്.എസ്.എ.മാത്തമാറ്റിക്സ് തസ്തികയിലെ ഒഴിവുകൾ

44 (5179) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ സ്കൂളുകളിൽ എച്ച്.എസ്.എ.മാത്തമാറ്റിക്സ് തസ്തികകളിലേക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; എത്ര എണ്ണം റിപ്പോർട്ട് ചെയ്യുവാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജില്ലകളിൽ താല്ക്കാലികമായോ എംപ്ലോയ്മെന്റ് വഴിയോ ഈ തസ്തികകളിൽ ഇപ്പോൾ ആരെങ്കിലും ജോലി നിർവ്വഹിക്കുന്നുണ്ടോ ; ജില്ലതിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ജില്ലകളിൽ എച്ച്.എസ്.എ. മാത്സ് തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർ ആരാണ് എന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ അവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഇ) അടുത്ത വിദ്യാഭ്യാസ വർഷം ഈ തസ്തിതതളിൽ പ്രസ്തുത ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എയ്ഡഡ് സ്ഥാപനങ്ങളിൽ ആശ്രിത നിയമനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ്

45 (5180) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ എയ്ഡഡ് സ്ഥാപനങ്ങളിൽ ആശ്രിത നിയമനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എയ്ഡഡ് ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൽക്കും കോളേജുകൾക്കും പ്രസ്തുത ഉത്തരവ് ബാധകമാണോ ; അല്ലെങ്കിൽ ആ സ്ഥാപനങ്ങളിലും ആശ്രിത നിയമനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 51 (ബി) പ്രകാരം എയ്ഡഡ് സ്കൂൾ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. പ്രസ്തുത ചട്ടം, 30-3-1990-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ കെ.ഇ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അല്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

എച്ച്.എസ്.എസ്.ടി കോമേഴ്സ് വേക്കൻസികൾ

46 (5181) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര എച്ച്.എസ്.എസ്.ടി. കോമേഴ്സ് വേക്കൻസികൾ നിലവിലുണ്ട് ;

(ബി) ഈ വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) എച്ച്.എസ്.എസ്.ടി. കോമേഴ്സ് വിഭാഗത്തിനുവേണ്ടി ഇപ്പോൾ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിൽ ഇപ്പോൾ എച്ച്.എസ്.എസ്.ടി. എത്ര ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 41 ഒഴിവുകൾ.

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 115 എച്ച്.എസ്.എസ്.ടി. കോമേഴ്സ് വേക്കൻസികൾ താൽക്കാലികമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഒഴിവുകളുടെ നിജസ്ഥിതി പ്രിൻസിപ്പൽമാരിൽ നിന്നും ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്ഥിരം അദ്ധ്യാപകർ നിയമിതരാകുന്നതോടെ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ വിടുതൽ ചെയ്ത് പോകേണ്ടി വരുന്നതിനാലും ഓരോ സ്കൂളിലും വ്യത്യസ്ത സമയ പരിധിക്കുള്ളിൽ നിയമനവും വിടുതലും നടക്കുന്നതിനാലും ദിവസവേതന വ്യവസ്ഥയിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly